**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 991** **30-06-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിലെ കനാലുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിലെ കനാലുകളുടെ നവീകരണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളും കനാൽ അനുബന്ധ സ്ട്രക്ചറുകളും പുനർനിർമ്മിക്കുന്നതിനും/ബലപ്പെടുത്തുന്നതിനുമായി 180 കോടി രൂപയുടെ പ്രൊപ്പോസൽ പദ്ധതി വിഭാഗം 1, ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു. 22/02/2022ൽ ജലവിഭവ വകുപ്പ സെക്രട്ടറിയുടെ അദ്ധ്യക്ഷയിൽ ചേർന്ന യോഗം ടി പ്രൊപ്പോസൽ പരിശോധിക്കുകയും, കുറ്റ്യാടി ജലസേചന പദ്ധതിയ്ക്ക് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികളിൽ വളരെയധികം പ്രാധാന്യമുള്ളവയെന്നും, പ്രാധാന്യം കുറഞ്ഞവയെന്നും തരംതിരിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ പദ്ധതി വിഭാഗം-1, ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയത് പ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 2022-23 വർഷത്തിൽ പൂർത്തീകരിക്കേണ്ട അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികളുടെ 40 കോടി രൂപ ചെലവ് വരുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിലെ പല കനാലുകളുടെയും ബണ്ടുകൾ സ്ഥിരമായി പൊട്ടുന്നതും നാശനഷ്ടങ്ങൾ സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ ബലക്ഷയമുള്ള ബണ്ടുകൾ പുനർനിർമ്മിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | എല്ലാ വർഷവും പ്ലാൻ നോൺ പ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി കനാൽ ബണ്ടുകൾ സംരക്ഷിക്കാനുള്ള പുനരുദ്ധാരണ പ്രവൃത്തികൾ നടത്താറുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ 2022-23 വർഷത്തിൽ പൂർത്തീകരിക്കേണ്ട 40 കോടി രൂപ ചെലവ് വരുന്ന ആക്ഷൻ പ്ലാൻ പ്രൊപ്പോസലിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | ബലക്ഷയമുള്ള ബണ്ടുകൾ പുനർനിർമ്മിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ